# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4789** — **27-06-2014 ൽ മറുപടിയ്ക്ക്**

## കുന്നത്തൂർ ഏലാ വികസനം

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ കുന്നത്തൂർ ഏലാ വികസന ആവശ്യത്തിലേക്കായി റിപ്പോർട്ട് ആവശ്യപ്പെട്ട് കൃഷിവകുപ്പ് ഡയറക്ടർക്ക് 21-12-2013 ന് No. 39013/PA1 നമ്പരായി സർക്കാർ കത്ത് നൽകിയിരുന്നുവോ; | (എ) | നൽകിയിരുന്നു |
| (ബി) | പ്രസ്തുത കത്തിന്മേൽ കൃഷിവകുപ്പ് ഡയറക്ടർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ചിറക്കര കുന്നത്തൂർ ഏലായുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊല്ലം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും 24/01/2014 ലെ കത്ത് പ്രകാരം ലഭിച്ച പദ്ധതി റിപ്പോർട്ട് ആർ.കെ.വി.വൈ യുടെ മാനദണ്ഡ പ്രകാരമല്ലാത്തതിനാൽ പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 08/05/2014 ൽ കൃഷിവകുപ്പ് ഡയറക്ടറിൽ നിന്നും 1,02,15,000/- രൂപയുടെ പദ്ധതി റിപ്പോർട്ട് കൃഷി (പി.പി.എം-സെൽ) വകുപ്പിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം ആവശ്യപ്പെട്ട ഡി.പി.ആർ എന്നാണ് സർക്കാരിന് സമർപ്പിച്ചത്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) യും (ഡി) യും | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ചിറക്കര ഏലാ വികസനത്തിനായുള്ള പദ്ധതി റിപ്പോർട്ട് 08-05-2014 ലെ ടി.പി (3) 19646/14 നമ്പർ കത്ത് പ്രകാരം കൃഷി ഡയറക്ടറിൽ നിന്നും ലഭിച്ചത് കൃഷി (പി.പി.എം-സെൽ) വകുപ്പിൽ പരിശോധിച്ച് വരികയാണ്. |
| (ഡി) | നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ